**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2459** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവൺമെന്റ് യു.പി. സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

**<u>മറുപടി:</u>** കോട്ടയ്ക്കൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെ പ്രവൃത്തി ടെണ്ടർ ചെയ്ത് 12.08.2025 ന് കരാറുകാരനുമായി പദ്ധതി നിർവ്വഹണ ഏജൻസി കരാറിൽ ഏർപ്പെട്ടിരുന്നു. ടി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഫൌണ്ടേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.

കോട്ടയ്ക്കൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവ യുപി സ്കൂളിന്റെ പ്രവൃത്തി ടെണ്ടർ ചെയ്ത് 25.04.2025 ന കരാറുകാരനുമായി പദ്ധതി നിർവ്വഹണ ഏജൻസി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ ആദ്യ നിലയിലെ റൂഫ് സ്ലാബ് നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. നിലവിൽ ഗ്രൗണ്ട് ഫ്ലോറിന്റെ മേസണറി വർക്കും സെക്കന്റ് ഫ്ലോറിന്റെ കോളം വർക്കും പുരോഗമിക്കുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കുറ്റിപ്പുറം ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ,പൊന്മള ഗവ യുപി സ്കൂൾ എന്നി പ്രവൃത്തികളുടെ പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യൂമെന്റിന് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. കുറ്റിപ്പുറം ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ പ്രവൃത്തി 15 മാസത്തിനകവും പൊന്മള ഗവ യുപി സ്കൂൾ പ്രവൃത്തി 9 മാസത്തിനകവും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**